# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 915 12.06.2013-ൽ മറുപടിയ്ക്ക്

**പട്ടിക ജാതി ക്ഷേമവകുപ്പ് മുഖേന ആവിഷ്ക്കരിച്ച പദ്ധതികൾ**

**ചോദ്യം** — ശ്രീ. എ. കെ. ബാലൻ

**ഉത്തരം** — ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി ക്ഷേമവകുപ്പു മുഖേന നടപ്പാക്കാൻ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ് ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കാൻ ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സ്വയംപര്യാപ്ത ആവാസ കേന്ദ്രങ്ങൾ.<br>2. സൈക്കിൾ വിതരണ പദ്ധതി (വിദ്യായാത്ര പദ്ധതി)<br>3. ലാപ്ടോപ്പ് വിതരണ പദ്ധതി<br>4. ടോയ്‌ലെറ്റ് പദ്ധതി<br>5. സ്കിൽഡെവലപ്മെന്റ് പ്രോഗ്രാം<br>6. വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ്<br>7. സർഗ്ഗോത്സവം (സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ-ഗ്രേഡ് നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന ധനസഹായം)<br>8. വിഷൻ-2013<br>9. IX,X ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി<br>10. വിജ്ഞാൻവാടി<br>11. പ്രീ-മെട്രിക് ഹോസ്റ്റലിലെ ലൈബ്രറി നവീകരണം |
| (ബി) | ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലെ അവസ്ഥയും വിശദമാക്കുമോ ; | (ബി) | (see table below) |

| പദ്ധതി | അനുവദിച്ച തുക | നിലവിലെ അവസ്ഥ |
|---|---|---|
| സ്വയം പര്യാപ്ത ആവാസകേന്ദ്രം | 28,29,77,703/-രൂപ | പദ്ധതി നടപ്പിലാക്കി വരുന്നു. |
| വിദ്യായാത്ര പദ്ധതി | 15.21 കോടി | പദ്ധതി നടപ്പിലാക്കി |
| ലാപ്ടോപ്പ് വിതരണ പദ്ധതി | 1387.50 ലക്ഷം രൂപ | പദ്ധതി നടപ്പിലാക്കി വരുന്നു. |
| ടോയ്‌ലെറ്റ് പദ്ധതി | 62.50 കോടി രൂപ | പദ്ധതി നടപ്പിലാക്കി വരുന്നു. |
| സ്കിൽ ഡെവലപ്മെന്റ്. പ്രോഗ്രാം | 220 ലക്ഷം രൂപ | നടപ്പിലാക്കിയിട്ടില്ല |
| വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് | 1,94,70,000/- | പദ്ധതി നടപ്പിലാക്കി വരുന്നു. |
| സർഗ്ഗോത്സവം | 19 ലക്ഷം രൂപ | നടപ്പിലാക്കി കഴിഞ്ഞു. |

→ 2

| | | | | | |
|---|---|---|---|---|---|
| | | | വിഷൻ 2013 | 3,39,70,000/-രൂപ | പദ്ധതി നടപ്പിലാക്കി വരുന്നു. |
| | | | പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി | 4,56,18,250/-രൂപ | പദ്ധതി നടപ്പിലാക്കി വരുന്നു. |
| | | | വിജ്ഞാൻവാടി | ഒരു വിജ്ഞാൻവാടി സ്ഥാപിക്കുന്നതിന് 1.50 ലക്ഷം രൂപ ക്രമത്തിൽ എഴുപത് എണ്ണത്തിനായി 105 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിജ്ഞാൻവാടിയുടെ രണ്ടാം ഘട്ടത്തിൽ കെട്ടിടനിർമ്മാണത്തിനായി ഒരു വിജ്ഞാൻവാടിക്ക് 5 ലക്ഷം രൂപ ക്രമത്തിൽ 50 കോടി രൂപ കെ.പി.എച്ച്.സി.സി -യ്ക്ക് കൈമാറി നൽകിയിട്ടുണ്ട്. | പദ്ധതി നടപ്പിലാക്കി |
| | | | പ്രീ മെട്രിക് ഹോസ്റ്റലുകളിലെ ലൈബ്രറി സംവിധാനം | 99 ലക്ഷം രൂപ | പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | പ്രഖ്യാപിച്ചെങ്കിലും ആരംഭിക്കാത്ത പദ്ധതികളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ? | (സി) | **<u>സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം</u>**<br>6.6.2012-ലെ സ.ഉ(സാധാ) 826/12/പജപവിവ നമ്പർ ഉത്തരവു പ്രകാരം പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ കളിൽ 6 മാസ ദൈർഘ്യമുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ. കളിൽ നിലവിലുള്ള ട്രേഡുകളിൽ പരിശീലനം നൽകാനുള്ള സൗകര്യം മാത്രമേ നിലവിലുള്ളൂ എന്നതിനാലും, വിദ്യാർത്ഥികളെ ലഭിക്കാനുള്ള ബുദ്ധിമുട്ടും കാരണം പദ്ധതി ഇതുവരെ നടപ്പിലാക്കാൻ സാധിച്ചില്ല.<br>**<u>അമ്മയും കുഞ്ഞും പദ്ധതി</u>**<br>അമ്മയും കുഞ്ഞും പദ്ധതിയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയെങ്കിലും നാഷണൽ റൂറൽ ഹെൽത്ത് മിഷൻ നടത്തുന്ന "അമ്മയും കുഞ്ഞും പദ്ധതി" അതേ രീതിയിൽ പട്ടികജാതി വികസന വകുപ്പിൽ നടപ്പിലാക്കുന്നതിന്റെ സാംഗത്യം പ്രശ്നമായി മാറിയതിനാൽ പദ്ധതി ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. | | |

Bali KJ

സെക്ഷൻ ആഫീസർ